For Private Circulation Only

September 2017

# ആഗമദൂതൻ

Vol.64 | No.9

" ഒരുത്തൻ പ്രസംഗിക്കുന്നു എങ്കിൽ ദൈവത്തിന്റെ അരുളപ്പാട് പ്രസംഗിക്കുന്നു..... യേശുക്രിസ്തുമൂലം മഹത്വപ്പെടുവാൻ ഇടവരട്ടെ " (1പത്രോ. 4:11)

## പ്രാർത്ഥനയുടെ പര്യവസാനം

By Andrew Murray

" ഞാൻ പിതാവിന്റെ അടുക്കൽ പോകുന്നു. നിങ്ങൾ എന്റെ നാമത്തിൽ പിതാവിനോട് അപേക്ഷിക്കുന്നതു ഒക്കെയും പിതാവ് പുത്രനിൽ മഹത്വപ്പെടേണ്ടതിന് ഞാൻ ചെയ്തുതരും" (യോഹ. 14:13).

പുത്രന്റെ നാമത്തിൽ പിതാവിനോട് അപേക്ഷിക്കുന്നതൊക്കെയും പിതാവ് പുത്രനിൽ മഹത്വപ്പെടേണ്ടതിന് ചെയ്തു തരും. പ്രാർത്ഥനയുടെ ഫലമായി ഓരോ മറുപടിയും ദൈവത്തിൽ നിന്നും വരുന്നു. വ്യവസ്ഥപ്രകാരം പ്രാർത്ഥിക്കുന്നില്ല എങ്കിൽ അവിടുന്ന് മറുപടി നൽകുകയില്ല. അങ്ങനെ അടിസ്ഥാനപരമായി നമ്മുടെ പരാതികൾ ദൈവത്തോടറിയിക്കുമ്പോൾ ആത്യന്തികമായ ലക്ഷ്യം അത് പ്രാർത്ഥനയുടെ ആത്മാവും ജീവനുമാണ്.

യേശു ഭൂമിയിലായിരുന്നപ്പോൾ അപ്രകാരമായിരുന്നു. ഞാൻ എന്റെ സ്വന്ത മഹത്വം അന്വേഷിക്കുന്നില്ല. എന്നെ അയച്ച പിതാവിന്റെ ഇഷ്ടമത്രെ ഞാൻ അന്വേഷിക്കുന്നത്. ഈ വാക്കുകളിൽ യേശുവിന്റെ ജീവിതത്തിന്റെ അടിസ്ഥാനക്കുറിപ്പ് കാണാം. കർത്താവ് തന്റെ പൗരോഹിത്യ ശുശ്രൂഷപ്രകാരം പ്രാർത്ഥിക്കുന്നത് " പിതാവേ, നാഴിക വന്നിരിക്കുന്നു; നിന്റെ പുത്രൻ നിന്നെ മഹത്വപ്പെടുത്തേണ്ടതിനു പുത്രനെ മഹത്വപ്പെടുത്തേണമേ. നീ അവന് നൽകിയിട്ടുള്ളവർക്കെല്ലാവർക്കും അവൻ നിത്യജീവനെ കൊടുക്കേണ്ടതിനു നീ സകല ജഡത്തിന്മേലും അവന് അധികാരം നൽകിയിരിക്കുന്നുവല്ലോ. ഞാൻ ഭൂമിയിൽ നിന്നെ മഹത്വപ്പെടുത്തി. നീ എനിക്കു ചെയ്യുവാൻ തന്ന പ്രവർത്തി തികെച്ചിരിക്കുന്നു. ഇപ്പോൾ പിതാവേ, ലോകം ഉണ്ടാകും മുമ്പേ എനിക്ക് നിന്റെ അടുക്കൽ ഉണ്ടായിരുന്ന മഹത്വത്തിൽ എന്നെ നിന്റെ അടുക്കൽ മഹത്വപ്പെടുത്തേണമേ" (യോഹ. 17:1-5). താൻ ആയിരുന്ന പിതാവിന്റെ മഹത്വത്തിലേക്ക് തന്നെ എടുത്തുകൊള്ളണമേ എന്നാണ് അപേക്ഷിക്കുന്നത്. യേശു ഭൂമിയിൽ പിതാവിനെ മഹത്വപ്പെടുത്തുവാൻ ഇടയായി. ഇനിയും സ്വർഗ്ഗത്തിൽ പിതാവിനെ മഹത്വപ്പെടുത്തും. പിന്നെയും ദൈവത്തോടപേക്ഷിക്കുന്നത് ഇനിയും പിതാവിനെ മഹത്വപ്പെടുത്തുവാൻ എന്നെ പ്രാപ്തനാക്കണമേ എന്നാണ്.

അങ്ങനെ യേശുവിനോടുള്ള സ്നേഹത്തിലും ബഹുമാനത്തിലും തന്നെ മഹത്വപ്പെടുത്തുമ്പോൾ നമ്മുടെ പിതാവ് മഹത്വപ്പെടുന്നു. പ്രാർത്ഥനയ്ക്ക് മറുപടി ലഭിക്കുകയും ചെയ്യുന്നു. നമ്മുടെ പ്രാർത്ഥനയുടെ ഫലമായി പുത്രൻ നമുക്കു ചെയ്തുതരുന്ന കാര്യങ്ങൾ പിതാവിന്റെ നാമത്തിൽ മഹത്വത്തിന് കാരണമാകുന്നു. അതിൽ നിന്നും വ്യതിചലിക്കുവാൻ ഒരിക്കലും ഇടയാകാതിരിക്കട്ടെ. ദൈവത്തിന്റെ ഇഷ്ടം നമ്മുടേതായിത്തീരട്ടെ. നമ്മുടെ പ്രാർത്ഥനയുടെയും ദൈവത്തിന്റെ പ്രവൃത്തിയുടെയും ഇടയിൽ ദൈവത്തന്റെ മഹത്വം ഒരു കണ്ണിയായിരിക്കട്ടെ. അങ്ങനെയുള്ള പ്രാർത്ഥന പരാജയപ്പെടുകയില്ല.

### പൂർണ്ണമായി ദൈവത്തിന്റെ മഹത്വത്തിന്

കർത്താവായ യേശുവിന്റെ ഈ വാക്കുകൾ "ഇരുവായ്ത്തലയുള്ള ഏതു വാളിനെക്കാളും മൂർച്ചയുള്ളതും പ്രാണനെയും ആത്മാവിനെയും വേർവിടുവിക്കും വരെ തുളെച്ചുചെല്ലുന്നതും ഹൃദയത്തിന്റെ ചിന്തകളെയും ഭാവങ്ങളെയും വിവേചിക്കുന്നതും ആകുന്നു". യേശു താൻ ഭൂമിയിലായിരുന്നപ്പോൾ തന്റെ പ്രാർത്ഥനയിലും സ്വർഗ്ഗത്തിൽ നമുക്കുവേണ്ടിയുള്ള തന്റെ മദ്ധ്യസ്ഥതയിലും ദൈവം നമുക്കു തന്ന വാഗ്ദത്തങ്ങളിലും നമ്മുടെ കർത്താവിന്റെ ഏറ്റവും പ്രധാനമായ ലക്ഷ്യവും തന്റെ പിതാവിന്റെ മഹത്വമാണ്. നമ്മുടെ ജീവിതത്തിൽ അങ്ങനെയാണോ? അങ്ങനെയല്ലെങ്കിൽ ഒരു വലിയ അളവിൽ സ്വന്ത ഇഷ്ടവും സ്വന്ത താൽപര്യവും ലക്ഷ്യമിട്ടാണ് നാം പ്രാർത്ഥിക്കുന്നത്. അതു മനസ്സിലാക്കാൻ നമുക്ക് കഴിയുന്നില്ലെങ്കിൽ വെറും പ്രകടനങ്ങൾ അല്ലേ നമ്മുടെ പ്രാർത്ഥന? നിശ്ചയമായും അതാണ് വാസ്തവം.

യഥാർത്ഥമായി പ്രാർത്ഥിപ്പാൻ നമുക്കു കഴിയുന്നില്ലെങ്കിൽ നമ്മുടെ അലസതയെ ഓർത്ത് കരയേണ്ടതാണ്. പരാജയത്തിന്റെ കാരണം നാം കണ്ടുപിടിക്കേണ്ടതാണ്. അനുദിന ക്രിസ്തീയ ജീവിതത്തിൽ നിന്ന് പ്രാർത്ഥനയ്ക്ക് ഒരുങ്ങുമ്പോൾ പിതാവിന്റെ മഹത്വം ലക്ഷ്യമാക്കി ആരംഭിക്കേണ്ടതാണ്. നമ്മുടെ മുഴുജീവിതത്തിലുമോ അതോ ജീവിത്തിന്റെ ഏതെങ്കിലും ഭാഗത്തോ ദൈവത്തിനുള്ള മഹത്വം വിട്ടുകളഞ്ഞിരിക്കുന്നു എങ്കിൽ യഥാർത്ഥ ദൈവമഹത്വത്തിനായി നാം ഏൽപിച്ച് പ്രാർത്ഥിക്കേണ്ടതിന് എല്ലാം ദൈവത്തിന്റെ മഹത്വത്തിനായി ചെയ്‌വിൻ. ചോദിക്കുന്നതെല്ലാം കർത്താവിന്റെ മഹത്വത്തിനായിരിക്കട്ടെ. ഈ കല്പനകൾ വേർപിരിക്കാൻ പറ്റാത്തതാണ്. ദൈവത്തെ അനുസരിക്കുന്ന ഒരു ജീവിതം, ഉത്തരം നൽകാൻ തക്കവണ്ണം ഒരുക്കപ്പെട്ടതാണ്. പിതാവ് പുത്രനിൽ മഹത്വപ്പെടേണ്ടതിന്".

ഇന്നത്തെ പ്രാർത്ഥന മിക്കതും ദൈവത്തിന്റെ മഹത്വത്തിനുള്ളതായി കാണുന്നില്ല. ഇവിടെ മഹത്വകരമായി മറ്റൊന്നുമില്ല എന്നാൽ

(ശേഷം 5-ാംപേജിൽ)

# വിശ്വാസത്തോടെയുള്ള പ്രാർത്ഥനയുടെ രഹസ്യം

By Andrew Murray

യേശു അവരോട് ഉത്തരം പറഞ്ഞത്, “ ദൈവത്തിൽ വിശ്വാസം ഉള്ളവർ ആയിരിപ്പിൻ. ആരെങ്കിലും തന്റെ ഹൃദയത്തിൽ സംശയിക്കാതെ താൻ പറയുന്നത് സംഭവിക്കും എന്ന് വിശ്വസിച്ചുകൊണ്ട് ഈ മലയോട് നീ നീങ്ങി കടലിൽ ചാടിപ്പോക എന്ന് പറഞ്ഞാൽ അവൻ പറഞ്ഞതുപോലെ സംഭവിക്കും എന്നു ഞാൻ സത്യമായിട്ട് നിങ്ങളോട് പറയുന്നു. അതുകൊണ്ട് നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ യാചിക്കുന്നതൊക്കെയും ലഭിച്ചു എന്ന് വിശ്വസിപ്പിൻ. എന്നാൽ നിങ്ങൾക്ക് അത് ഉണ്ടാകും എന്ന് ഞാൻ നിങ്ങളോട് പറയുന്നു ”. (മർക്കോ. 11:22-24).

ദൈവത്തിലുള്ള വിശ്വാസം വിശ്വസിക്കുക എന്ന് പറഞ്ഞാൽ, ദൈവം ആര് എന്ന് മനസ്സിലാക്കി ദൈവത്തെ നോക്കി ദൈവത്തിന്റെ സാന്നിദ്ധ്യത്തിനും ഇടപെടലിനും നമ്മെ ഏല്പിച്ച്, അവിടുന്ന് ദൈവം എന്ന നിലയിൽ നമ്മുടെ മുഴു ജീവിതത്തെയും സമർപ്പിച്ച് മനസ്സു തുറന്ന് ദൈവത്തെ അംഗീകരിക്കയും ദൈവത്തിൽ സന്തോഷിക്കയും തന്റെ സ്നേഹത്താൽ നമ്മെ പൊതിയുന്ന ദൈവത്തെ അനുഭവമാക്കുകയും ചെയ്യുക എന്നാണ്. നാം വിശ്വസിക്കുകയും പ്രാർത്ഥിക്കയും ചെയ്യുമ്പോൾ വിശ്വാസത്താൽ നാം ദൈവവുമായുള്ള ജീവനുള്ള കൂട്ടായ്മ ബന്ധത്തിൽ പ്രവേശിക്കയും ദൈവത്തിന്റെ പ്രവൃത്തകളെ കാണുകയും, തന്റെ വചനങ്ങളെ കേൾക്കയും ചെയ്യുമ്പോൾ സ്വാഭാവികമായി തന്റെ വാഗ്ദത്തങ്ങളെ അനുഭവമാക്കുവാനും ഇടയാകുന്നു. വാഗ്ദത്തം ചെയ്യുന്നവനിൽ വിശ്വസിക്കുന്നതിന്റെ ഫലമായി വാഗ്ദത്തങ്ങൾ നമുക്ക് ലഭിക്കുന്നു. വിശ്വാസ ജീവിതത്തിന്റെ ഫലമായി വിശ്വാസത്തോടെയുള്ള പ്രാർത്ഥനയുണ്ടാകുന്നു. വിശ്വാസത്താൽ ഉളവാകുന്ന ശക്തമായ പ്രാർത്ഥന ദൈവത്തിന്റെ ദാനമാണ്. ദൈവം എന്തെങ്കിലും കാണിക്കയും പഠിപ്പിക്കയോ ചെയ്യുന്നതിനെ ചെയ്യുന്നു എന്ന നിലയിലല്ല പ്രത്യുത, ദൂരവ്യാപകവും ആഴവും സത്യവുമായുള്ള ആത്മാവിന്റെ സ്വഭാവവും ക്രമവുമായി ദൈവവുമായുള്ള കൂട്ടായ്മയിലും ബന്ധത്തിലും വളരുന്ന ഒരു അനുഭവമാണ്. നിശ്ചയമായും തന്റെ പിതാവിനെ അറിയുന്ന ഒരുവൻ ദൈവവുമായുള്ള നിരന്തര കൂട്ടായ്മയിൽ ജീവിച്ച് ദൈവത്തിന്റെ വാഗ്ദത്തങ്ങളിൽ വിശ്വസിക്കയും തന്റെ മക്കളുടെ ആഗ്രഹങ്ങൾ അറിയുന്നവനാണെന്ന് ഗ്രഹിക്കയും അവിടുത്തോടു ഇഴുകിച്ചേരുകയും ചെയ്യുന്നു.

മിക്കവാറുമുള്ള ദൈവമക്കൾ വിശ്വാസത്തിന്റെ ജീവിതവും പ്രാർത്ഥനയുടെ യഥാർത്ഥ ശക്തിയും മനസ്സിലാക്കാതെ അവരുടെ പ്രാർത്ഥനയും അതിലൂടെയുള്ള ശക്തിയും പരിമിതമാക്കാനാണ് ശ്രമിക്കുന്നത്. അഥവാ വേണ്ടുംവണ്ണം മനസിലാക്കുന്നില്ല. അവർ

(ശേഷം 6-ാം പേജിൽ)

***കർത്താവിൽ പ്രിയരേ,***

*യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹവന്ദനം. “ നീ ഇനിയും ചേലോടെ തപ്പു എടുത്തുകൊണ്ടു സന്തോഷിച്ചു നൃത്തം ചെയ്യുന്നവരുടെ നിരയിൽ പുറപ്പെടും. എഴുന്നേല്പിൻ; നാം സീയോനിലേക്കു നമ്മുടെ ദൈവമായ യഹോവയുടെ അടുക്കലേക്ക് കയറിപ്പോക എന്നു കാവൽക്കാർ എഫ്രയീം മലനാട്ടിൽ വിളിച്ചു പറയുന്ന നാൾ വരും” (യിരെ. 31:4-6)*

*2017-ാം വർഷത്തിന്റെ ആഗസ്റ്റ് മാസം നമ്മെ വിട്ട് കടന്നുപോയി. സെപ്റ്റംബർ മാസത്തിലേക്ക് നാം കടന്നു വന്നിരിക്കുന്നു.*

*കണ്ണുനീരോടെ യേശുവിന്റെ പാദങ്ങളിൽ നമുക്കു വീണു യാചിക്കാം. യേശുവേ, എന്റെ പിതാവേ എന്റെ ഹൃദയം മുഴുവനും അവിടുത്തെ സാന്നിദ്ധ്യത്താൽ നിറയ്ക്കേണമേ. അങ്ങയെപ്പോലെ ഫലപ്രദമായ ഒരു വൃക്ഷമായി എന്നെ രൂപാന്തരപ്പെടുത്തേണമേ. നമുക്ക് യേശുവിൽ വസിക്കുവാനും അവിടുന്ന് കാണിച്ച മാതൃക പിൻതുടരുകയും ചെയ്യാം. അങ്ങനെയെങ്കിൽ നിശ്ചയമായും നമുക്ക് യേശുവിനെപ്പോലെയാകാം. മാത്രമല്ല അവിടുത്തെ മഹത്വത്തിനായി നമ്മെ ഫലപ്രദമായ ഒരു വൃക്ഷമാക്കി തീർക്കുവാൻ യേശു അത്ഭുതം പ്രവർത്തിക്കയും ചെയ്യും.*

*ജീവങ്കേലേക്കു പോകുന്ന വാതിൽ ഇടുക്കവും വഴി ഞെരുക്കവുമുള്ളതാണ്. എന്നാൽ ഈ ലോക ജീവിതത്തിനു ശേഷം നിങ്ങൾക്കായി കാത്തിരിക്കുന്ന തേജസ്സ് എത്ര മഹത്വമേറിയത് എന്നു ചിന്തിക്കുക. ഈ ദുഷ്ടലോകത്തിലെ സന്തോഷങ്ങൾ നിമിഷങ്ങൾ മാത്രം നിലനിൽക്കുന്നതാണ്. എന്നാൽ യേശു തരുന്ന സന്തോഷവും സമാധാനവും നിത്യമായതാണ്.*

*പ്രിയരേ, നമ്മുടെ ജീവിതം ദൈവത്തിന്റെ മുമ്പാകെ തുറന്ന പുസ്തകമാണെന്ന് ഓർമ്മിക്കുക. യേശുവിന്റെ സന്നിധിയിൽ നിന്ന് ഒരു കാര്യവും മൂടിവയ്ക്കുവാൻ സാധ്യമല്ല. ഭക്തിയുടെ വേഷം ധരിച്ചു ദൈവഭയം അഭിനയിച്ചും ദൈവത്തെ പ്രസാദിപ്പിക്കുമെന്ന ചിന്ത നിങ്ങളെത്തന്നെ സ്വയം വഞ്ചിക്കുന്നതാണ്. ദൈവയിഷ്ടം ചെയ്തുകൊണ്ട് ഓരോ ദിവസവും വിശുദ്ധിയിലും വേർപാടിലും നമുക്ക് ജീവിക്കാം*

*മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ തിരുവനന്തപുരം എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.*

*എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.*

*മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴിയെ അറിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.*

*എന്ന് ക്രിസ്തുവിൽ എളിയ സഹോദരി, ബിന്ദു*


# ആഗമനദൂതൻ



ബിന്ദു.എം
എഡിറ്റർ
Mob:**8589901702**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: **9446590913, 9809882926**
കരിത്തലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ.,
തിരുവനന്തപുരം - 695032
Mob:8589901702
**E-mail:bindhum1971@yahoo.in**
മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

# പ്രാർത്ഥനയും ഉപവാസവും

By Andrew Murray

“ പിന്നെ ശിഷ്യന്മാർ സ്വകാര്യമായി യേശുവിന്റെ അടുക്കൽ വന്നു: ഞങ്ങൾക്കു അതിനെ പുറത്താക്കിക്കൂടാത്തത് എന്ത് എന്ന് ചോദിച്ചു. അവൻ അവരോട്: നിങ്ങളുടെ അല്പവിശ്വാസം നിമിത്തമത്രേ. നിങ്ങൾക്ക് കടുകുമണിയോളം വിശ്വാസം ഉണ്ടെങ്കിൽ ഈ മലയോട്: ഇവിടെ നിന്ന് അങ്ങോട്ടു നീങ്ങുക എന്നു പറഞ്ഞാൽ അതു നീങ്ങും. നിങ്ങൾക്ക് ഒന്നും അസാദ്ധ്യമാകയുമില്ല. എങ്കിലും പ്രാർത്ഥനയാലും ഉപവാസത്താലുമല്ലാതെ ഈ ജാതി നീങ്ങിപ്പോകുന്നില്ല എന്ന് ഞാൻ സത്യമായി നിങ്ങളോട് പറയുന്നു എന്നു പറഞ്ഞു ” (മത്താ. 17:19–21).

തങ്ങൾക്ക് സൗഖ്യമാക്കുവാൻ കഴിയാതിരുന്ന ഭൂത ബാധിതനായ മനുഷ്യനെ യേശു സൗഖ്യമാക്കുന്നതു കണ്ടിട്ട് ശിഷ്യന്മാർ എന്താണ് തങ്ങളുടെ പരാജയത്തിന് കാരണം എന്ന് ഗുരുവിനോട് ചോദിച്ചു. രോഗികളെ സൗഖ്യമാക്കുവാനും “ഭൂതങ്ങളെ പുറത്താക്കുവാനും യേശു അവർക്ക് അധികാരം കൊടുത്തിരു ന്നു ” (ലൂക്കൊ. 9:1). ആ അധികാരം ഉപയോഗിച്ച് പലപ്പോഴും അവർ ഭൂതങ്ങളെ പുറത്താക്കുവാനും യേശു അവർക്കു അധികാരം കൊടുത്തിരുന്നു. (ലൂക്കൊ. 9:1). ആ അധികാരം ഉപയോഗിച്ച് പലപ്പോഴും അവർ ഭൂതങ്ങളെ പുറത്താക്കിയിട്ടുണ്ട്. അവർ സന്തോഷത്തോടെ ആ കാര്യം കർത്താവിനോടു പറഞ്ഞിട്ടുമുണ്ട്. എന്നാൽ ഇപ്പോൾ കർത്താവ് മലമേൽ ഇരിക്കുമ്പോൾ അവർ പരാജയപ്പെടുകയാണ്. യേശു ഭൂതത്തെ പുറത്താക്കി. എന്നാൽ ശിഷ്യന്മാർ ചിന്തിക്കുന്നത് എന്തുകൊണ്ട് ഞങ്ങൾക്ക് അത് കഴിഞ്ഞില്ല? ഇത് വെളിപ്പെടുത്തുന്നത് അവർ അങ്ങനെ ചെയ്യുവാനും വിടുതലുണ്ടാകണമെന്നും അവർ ആഗ്രഹിച്ചു എന്നാണ്. അവർ പല പ്രാവശ്യം യേശുവിന്റെ നാമം ഉപയോഗിച്ചിരിക്കാം. ഭൂതത്തോടു പുറത്തുപോകുവാൻ കല്പിച്ചിരിക്കാം അവരുടെ പ്രവൃത്തി നിഷ്ഫലമായിപ്പോയി, ജനത്തിന്റെ മുമ്പിൽ അവർ ലജ്ജിതരായിപ്പോയി. എന്തുകൊണ്ട് ഞങ്ങൾക്ക് കഴിഞ്ഞില്ല?

ക്രിസ്തുവിന്റെ മറുപടി നേരേയുള്ളതും വ്യക്തവുമായിരുന്നു. നിങ്ങളുടെ അവിശ്വാസം നിമിത്തം യേശുവിൽ ഉള്ള പ്രത്യേക ശക്തി അവരിൽ ഇല്ലായിരുന്നു. ആ പ്രത്യേക ശക്തി അവരിലില്ലാത്തതിനാൽ അവർ പരാജയപ്പെട്ടുപോയി. യേശു പലപ്പോഴും അവരെ പഠിപ്പിച്ചത് ആ പ്രത്യേക ശക്തിയെക്കുറിച്ചാണ്. ആ പ്രത്യേക ശക്തിയുടെ മുമ്പിൽ സ്വർഗ്ഗത്തിലെയും ഭൂമിയിലെയും സകല അധികാരങ്ങളും കീഴടങ്ങുന്നു. ആത്മിക ലോകത്തെ പരാജയങ്ങൾക്ക് പരിഹാരം ദൈവത്തിലുള്ള വിശ്വാസം മാത്രമാണ്. വിശ്വാസം എന്ന ഏക വ്യവസ്ഥയാൽ ദൈവശക്തി മനുഷ്യനിലേക്ക് പ്രവേശിച്ച് പ്രവർത്തിക്കുന്നു. മനുഷ്യന്റെ ഇംഗിതങ്ങൾ ദൈവത്തനു സമർപ്പിക്കുമ്പോൾ അത് ദൈവത്തിന്റെ ഇഷ്ടമായി മാറുന്നു. ഭൂതങ്ങളെ പുറത്താക്കുവാനായി അവർ പ്രാപിച്ച ദൈവശക്തി ഒരു സ്ഥിരമായ കൃപാവരമായി അവരിൽ നിലനിർത്തുവാൻ അവർക്കു കഴിഞ്ഞില്ല. ക്രിസ്തുവിലുണ്ടായിരുന്ന ദൈവശക്തി ദൈവത്തിലുള്ള വിശ്വാസത്താൽ മാത്രം അവകാശമാക്കാൻ കഴിയുന്ന ഒന്നാണ്. ആത്മലോകത്തിലെ സകലത്തേയും പിടിച്ചടക്കുവാൻ കഴിവുള്ള ദൈവശക്തിയാണ് അവരുടെമേൽ പകരപ്പെട്ടത്. ആ ദൈവശക്തിയാലാണ് പലപ്പോഴും അവ ഭൂതങ്ങളെ കീഴടക്കിയത്. എന്നാൽ കർത്താവ് പറയുന്നത് നിങ്ങളുടെ അവിശ്വാസത്താൽ ആണ് പലപ്പോഴും പരാജയങ്ങൾ ഉണ്ടാകുന്നത്.

**ആത്മീയ ജീവിതത്തിന്റെ നിലവാരം**

ശിഷ്യന്മാർ ചിന്തിക്കുകയാണ്, എന്തുകൊണ്ട് വിശ്വാസമുള്ളവരായിരിപ്പാൻ ഞങ്ങൾക്കു കഴിഞ്ഞില്ല. മുമ്പ് വിശ്വാസത്താൽ ഭൂതങ്ങളെ പുറത്താക്കുവാൻ ഞങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. ആ വിശ്വാസം ഇപ്പോൾ പരാജയപ്പെട്ടതെന്തുകൊണ്ട്? ചോദ്യത്തിന് മറുപടിയായി യേശു പറയുന്നത്

(ശേഷം 4-ാം പേജിൽ)

## രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

| | |
|---|---|
| **അംഗീകരിക്കുക** | *ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)* |
| **പശ്ചാത്തപിക്കുക** | *അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊ. 13;3)* |
| **ഏറ്റുപറയുക** | *നമ്മടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)* |
| **ഉപേക്ഷിക്കുക** | *ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.* |
| **ശുദ്ധീകരിപ്പെടുക** | *അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).* |
| **വിശ്വസിക്കുക** | *തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)* |
| **സമർപ്പിക്കുക** | *ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)* |
| **പ്രാപിച്ചെടുക്കുക** | *യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)* |

3-ാം പേജിന്റെ തുടർച്ച

**(പ്രാർത്ഥനയും ഉപവാസവും)**

"പ്രാർത്ഥനയാലും ഉപവാസത്താലുമല്ലാതെ ഈ ജാതി നീങ്ങിപ്പോകുന്നില്ല". വിശ്വാസം ലളിതമായ ഒരു കാര്യമാണ്. എന്നാൽ ഇത് ഉന്നതമായ ആത്മീക അനുഭവങ്ങൾക്ക് കാരണമാവുന്നു. ദൈവത്തിന്റെ ആത്മാവിന് പ്രവർത്തിക്കാൻ വേണ്ടി നമ്മുടെ ആത്മാവിനെ സമർപ്പിക്കുന്നു. അങ്ങനെ അത് ഉയർന്ന ദൈവപ്രവർത്തിക്കു കാരണമാവുന്നു. ഈ വിശ്വാസം നമ്മുടെ ആത്മീയ നിലവാരത്തെ കാണിക്കുന്നു. ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ ശക്തി നമ്മിൽ നിറയുമ്പോൾ നമ്മുടെ വിശ്വാസം വർദ്ധിക്കുകയും വിശ്വാസത്തിന്റെ പ്രവൃത്തി വെളിപ്പെട്ടു വരികയും ചെയ്യുന്നു. അങ്ങനെ കർത്താവ് വീണ്ടും സംസാരിക്കുന്നത് പ്രാർത്ഥനയാലും ഉപവാസത്താലുമല്ലാതെ ഈ ജാത് നീങ്ങിപ്പോകയില്ല. ലോകത്തിന്റെ സ്വാധീനങ്ങളിൽ നിന്നും വേർപെട്ട് പ്രാർത്ഥിക്കുകയും ഉപവസിക്കയും ചെയ്യുമ്പോൾ യേശു പറഞ്ഞതുപോലെ നമ്മുടെ വിശ്വാസം സകലത്തെയും അതി ജീവിക്കുവാൻ നമ്മെ ശക്തിപ്പെടുത്തുകയും ഭൂതങ്ങൾ കീഴടങ്ങുകയും ചെയ്യും". അതുകൊണ്ട് . യേശു പഠിപ്പിക്കുന്ന "രണ്ട് പാഠങ്ങൾ പ്രത്യേകം ശ്രദ്ധേ. മാണ്. ഒന്ന്, വിശ്വാസത്തിന്റെ വളർച്ചയ്ക്കും വർദ്ധനയും പ്രാർത്ഥന ആവശ്യമാണ്. രണ്ടാമതായി പ്രാർത്ഥനയുടെ ശക്തിക്കും പ്രവൃത്തിക്കും ഉപവാസം ഒഴിച്ചു കൂടാനാകാത്തതാണ്.

**വിശ്വാസത്തിന് പ്രാർത്ഥന ആവശ്യമാണ്.**

വിശ്വാസത്തിന്റെ വളർച്ചയ്ക്ക് നല്ല പ്രാർത്ഥനാ ജീവിതം ആവശ്യമാണ്. ആത്മീയ ജീവിതത്തിന്റെ വിവിധ ഭാഗങ്ങളിൽ ഈ ബന്ധം ഒരുമിച്ച് ചേർന്ന് പ്രവർത്തിക്കയും കാരണവും ശക്തിയുമായി അത് നിലനിൽക്കയും ചെയ്യുന്നു. വിശ്വാസമില്ലാതെ യഥാർത്ഥമായ പ്രാർത്ഥനയില്ല. വിശ്വാസത്തിന്റെ അളവ് പ്രാർത്ഥനയിൽ വ്യാപരിക്കുന്നു. അങ്ങനെ പ്രാർത്ഥന വിശ്വാസത്തെ വർദ്ധിപ്പിക്കുന്നു. വേണ്ടുവോളം പ്രാർത്ഥനയില്ലാതെ വിശ്വാസം അതിന്റെ ഉയരങ്ങളിൽ എത്തുന്നില്ല. ആ പാഠമാണ് യേശു ഇവിടെ പഠിപ്പിക്കുന്നത്.

ദൈവത്തെ ബഹുമാനിച്ച് ആരാധിക്കുന്ന ആരാധനയിൽ ദൈവത്തിന്റെ സാന്നിദ്ധ്യത്തിനായി വാഞ്ഛിക്കുമ്പോൾ നമ്മുടെ മനസ് ശാന്തമായി അതിനായി കാത്തിരിക്കുന്നു. അങ്ങനെ ദൈവത്തെ അറിയുവാനും ആശ്രയിപ്പാനുമുള്ള പ്രത്യാശ നമ്മിൽ വർദ്ധിക്കുന്നു. അനുഗ്രഹിക്കപ്പെട്ട ദൈവവചനത്തിൽ നിന്നും തന്റെ വചനങ്ങളെ പഠിച്ച് ആ വചനങ്ങളെ ദൈവ മുമ്പാകെ കൊണ്ടുവന്ന് ആ വചനത്തിലൂടെ അവിടുത്തെ ശബ്ദത്തിനായി ഏല്പിച്ച് പ്രാർത്ഥിക്കുമ്പോൾ ആ ദൈവ ശക്തി നമ്മിൽ പൂർണ്ണമായി വ്യാപരിച്ച് ദൈവത്തിന്റെ അത്യന്തശക്തിയായി പകരപ്പെട്ട് ദൈവത്തിന്റെ സ്വന്ത വചനമായി അത് നമുക്ക് അനുഭവമാകുന്നു. അത് നമ്മുടെ പ്രാർത്ഥനയിൽ ദൈവവുമായുള്ള അതിശ്രേഷ്ഠമായ ബന്ധമുണ്ടായിട്ട് ആ ബന്ധം അവിടുന്ന് പറയുന്നതെന്തും അനുസരിപ്പാനുള്ള പ്രലോഭനമായിട്ടും തീരുന്നു. മിക്ക ക്രിസ്ത്യാനികളും ദൈവ ശബ്ദം തിരിച്ചറിയാൻ ശ്രമിക്കുന്നില്ല. ദൈവമുമ്പാകെ പുതിയ പദ്ധതികളോ ചിന്താഗതികളോ ഇല്ല, കൂടുതൽ പ്രാർത്ഥിപ്പാനോ ദൈവത്തിൽ നിന്നു കേൾക്കുന്നു. അവർ അവസരം കണ്ടെത്തുന്നില്ല. എന്നാൽ ദൈവത്തിന്റെ വചനം കേട്ട് അനുസരിക്കുന്ന ആളുകൾ, വിശ്വാസത്തിൽ വളരുകയും ശക്തന്മാരായ പ്രാർത്ഥനാ മനുഷ്യരായിത്തീരുകയും ചെയ്യും.

ഈ പാഠങ്ങൾ നമ്മെ യേശു പഠിപ്പിച്ച ആദ്യപാഠങ്ങളിലേക്ക് നമ്മെ കൊണ്ടെത്തിക്കുന്നു. "ദൈവത്തിൽ വിശ്വാസം ഉള്ളവരായിരിപ്പിൻ " (മർക്കൊ. 11:22) "ജീവനുള്ള ദൈവം നമ്മെ തന്നിലുള്ള ആഴമായ വിശ്വാസത്തിലേക്കും ബന്ധത്തിലേക്കും നടത്തുമാറാകട്ടെ. അപ്പോൾ അത് നമ്മെ പർവ്വതങ്ങളെ നീക്കുവാൻ കഴിയുന്നതും ഭൂതങ്ങളെ പുറത്താക്കുവാൻ ശക്തീകരിക്കുന്നതുമായ വിശ്വാസത്തിലേക്ക് നമ്മെ കൊണ്ടെത്തിക്കും". "നിങ്ങൾക്ക് വിശ്വാസം ഉണ്ടെങ്കിൽ ......... ഒന്നും നിങ്ങൾക്ക് അസാദ്ധ്യമാകയുമില്ല".

യേശുക്രിസ്തു നമ്മുടെ ജീവൻ, നമ്മുടെ വിശ്വാസത്തിന്റെ ജീവൻ കൂടെയാണ്. അത് ദൈവത്തെ വിസ്വസിക്കുവാൻ നമ്മെ പ്രാപ്തരാക്കുന്നു. അത് നമ്മുടെ സ്വയത്തെ മരണത്തിലേയ്ക്കും ദൈവവുമായുള്ള ശക്തമായ ബന്ധത്തിലേയ്ക്കും വിശ്വാസത്തിന്റെ ആത്മാവിനെ അതിന്റെ ശക്തിയിലേക്കും നയിക്കുന്നു. വിശ്വാസത്തെ അതിന്റെ പൂർണ്ണ വളർച്ചയിലേയ്ക്കെത്തിക്കുവാൻ പ്രാർത്ഥന അത്യാവശ്യമാണ്.

**പ്രാർത്ഥനയ്ക്ക് ഉപവാസം ആവശ്യമാണ്.**

പ്രാർത്ഥനയുടെ പൂർണ്ണമായ വളർച്ചയ്ക്ക് ഉപവാസം ഒരു അത്യാവശ്യ ഘടകമാണ്. ഇത് രണ്ടാമത്തെ പാഠം. പ്രാർത്ഥനയിൽ നാം കാണാത്ത കാര്യങ്ങളെ ഗ്രഹിക്കുന്നു. ഉപവാസത്തിൽ കാണുന്ന കാര്യങ്ങളെ ഒഴിവാക്കുകയാണ് ചെയ്യുന്നത്. ലോകത്തിലെ തന്റെ ആഹാരത്തെക്കാളും ഈ ലോകത്തിലെ ഉല്ലാസങ്ങളെക്കാളുമുപരി ദൈവത്തോടുകൂടുതൽ അടുക്കുകയും അതിൽ സന്തോഷിക്കുകയും ചെയ്യുന്നു. ഏദെനിൽ മനുഷ്യൻ ഫലം നല്ലതെന്ന് തോന്നി ഭക്ഷിച്ചു പറുദീസ നഷ്ടമായി. മരുഭൂമിയിൽ യേശുവും ഭക്ഷണ സംബന്ധമായി പരീക്ഷിക്കപ്പെട്ടു. ഉപവാസത്താൽ യേശു വിജയം വരിക്കാനിടയായി. ശരീരം വീണ്ടെടുക്കപ്പെട്ട് ദൈവത്തിന്റെ ആലയമാകുന്നു. ഉപവാസവും പ്രാർത്ഥനയും നമ്മുടെ ജീവിതത്തിൽ മിതത്വവും സ്വയ വർജ്ജനവും പാലിക്കുന്നതിനും പ്രാർത്ഥനയിൽ കൂടുതൽ ശക്തിപ്പെടുന്നതിനും കൂടുതൽ പ്രാർത്ഥിക്കുന്നതിനും നമ്മെ ഒരുക്കുന്നു.

എന്നാൽ ഇതിന് അക്ഷരീകമായ മറ്റൊരർത്ഥമുണ്ട്. ദുഃഖവും ജിജ്ഞാസയും ഉള്ളവർക്ക് ഭക്ഷിപ്പാൻ കഴിയുന്നില്ല. സന്തോഷമുള്ളവർ ഉത്സവം ആചരിക്കയും ഭക്ഷിക്കയും പാനം ചെയ്യുകയും ചെയ്യുന്നു. ഉപവാസവും പ്രാർത്ഥനയും നമ്മുടെ ശരീരത്തിൽ ആഗ്രഹങ്ങളെയും ചിന്തകളെയും നിയന്ത്രിക്കുന്നു. നമുക്കെതിരെ പോരാടുന്ന ഇരുട്ടിന്റെ ശക്തികളോട് പോരാടി ജയിക്കുന്നു. നാം വിവേകമുള്ളവരായിട്ടാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്, ചില സന്ദർഭങ്ങളിൽ നാം ഉറച്ച തീരുമാനങ്ങളെടുക്കാറുണ്ട്. ഉപവാസം നമ്മെ ഏതു ത്യാഗത്തിനും പ്രത്യേകിച്ച് സ്വയത്തെ ത്യജിച്ച് ദൈവരാജ്യത്തെ അന്വേഷിക്കുവാനും നമ്മെ പ്രാപ്തരാക്കുന്നു. ലോകത്തിലെ എല്ലാ നേട്ടങ്ങളെയും ക്രിസ്തുവും ദൈവരാജ്യവും നിമിത്തവും ഉപേക്ഷിക്കുവാനും നമ്മെ ഒരുക്കുന്നു.

വീണ്ടും നമുക്ക് കാണാൻ കഴിയുന്നത്: പ്രാർത്ഥന നമ്മെ ദൈവത്തിങ്കലേക്കും കാണാത്ത കാര്യങ്ങളിലേക്ക് നടത്തുന്നു. ഉപ

(ശേഷം 7-ാം പേജിൽ)

(1-ാം പേജിന്റെ തുടർച്ച )

## പ്രാർത്ഥനയുടെ പര്യവസാനം

കർത്താവുമാത്രം. എല്ലാ മഹത്വും കർത്താവിനുമാത്രം. ദൈവം തന്റെ സൃഷ്ടികളിൽ തന്റെ മഹത്വം വച്ചിരിക്കുന്നു. ദൈവത്തിന്റെ സൃഷ്ടി ദൈവത്തിന്റെ മഹത്വത്തിനായി നില്ക്കുന്നു. ദൈവത്തിന്റെ മഹത്വത്തിനല്ലാതെ ഭൂമിയിലുള്ളത് പാപവും അന്ധകാരവും മരണവുമാണ്. ദൈവത്തെ മഹത്വപ്പെടുത്തുമ്പോൾ നാം ദൈവത്തിന്റെ ഇഷ്ടം ആരാഞ്ഞ് ദൈവത്തിന് മഹത്വത്തിനുള്ളത് കണ്ടുപിടിക്കേണ്ടതാണ്. ദൈവത്തെ മഹത്വപ്പെടുത്തുന്നതിൽ മനുഷ്യപുത്രൻ ചെയ്യുന്നത്, തന്റെ മുഴു ജീവനും കൊടുത്തു, തന്റെ മുഴു ജീവിതവും കൊടുത്തു. വീണ്ടെടുക്കപ്പെട്ട ഓരോ ദൈവപൈതലിന്റെയും ജോലി അതാണ്. കാരണം യേശു തന്നെത്താൻ ദൈവത്തിന്റെ മഹത്വത്തിനായി ഏല്പിച്ചു. പിതാവ് യേശുവിനെ മഹത്വവും ബഹുമാനവും അണിയിച്ചു. രാജത്വം അവിടുത്തെ കൈകളിൽ കൊടുത്തു. മദ്ധ്യസ്ഥൻ എന്ന നിലയിൽ യേശു നമ്മുടെ പ്രാർത്ഥനയ്ക്ക് മറുപടി നൽകുന്നു. നാം ക്രിസ്തുവിൽ ഒന്നായിത്തീരുന്നു എന്ന നിലയിൽ നാം അക്ഷരികമായി ദൈവത്തിന്റെ മഹത്വത്തിനായി സമർപ്പിക്കപ്പെട്ടിരിക്കുന്നു എന്ന നിലയിലും പിതാവ് പുത്രനിൽ മഹത്വപ്പെടേണ്ടതിന് നമ്മോടുള്ള തന്റെ വാഗ്ദത്തങ്ങൾ നിറവേറ്റിത്തരുന്നു. നിങ്ങൾ എന്തു ചോദിച്ചാലും...... ഞാൻ ചെയ്തു തരും ".

### ക്രിസ്തുവിൽ കൂടെ മാത്രം

ദൈവത്തിന്റെ മഹത്വത്തിനായി ജീവിതം സമർപ്പിക്കപ്പെട്ടിരിക്കുന്ന ഒരു വ്യക്തിയ്ക്ക് തന്റെ സ്വന്ത ഇഷ്ടത്തിന്റെ സാദ്ധ്യത്തിനായി ഒരിക്കലും പരിശ്രമിക്കാൻ പാടുള്ളതല്ല. കർത്താവായ യേശുവിലാണ് നമ്മുടെ ജീവിതം കാണേണ്ടത്. അവിടുത്തെ ജീവതമാണ് നമ്മുടെ ജീവിതം. തന്റെ ജീവൻ നമുക്കു വേണ്ടി നൽകി അവിടുന്നാണ് ഇപ്പോൾ നമ്മുടെ ജീവൻ. നമ്മുടെ കാഴ്ചപ്പാട്. നമ്മുടെ ഏറ്റുപറച്ചിൽ, നമ്മുടെ സ്വയത്യാഗം, എന്നിവയാൽ നമ്മുടെ സ്വന്ത ഇഷ്ടവും സ്വയത്തിലുള്ള ആശ്രയവും നമ്മുടെ സ്വന്ത ബലത്തിൽ ഊന്നി നിവർത്തിക്കുവാൻ ഇനി സാദ്ധ്യമല്ല. ഭൂമിയിൽ ദൈവത്തെ മഹത്വപ്പെടുത്തിയ ഇപ്പോൾ പിതാവിന്റെ സന്നിധിയിൽ മഹത്വപ്പെട്ടിരിക്കുന്ന നമ്മുടെ കർത്താവ് നമ്മിൽ വന്ന്, വസിച്ച്, തന്റെ സാന്നിദ്ധ്യത്താൽ നമ്മെ ഭരിച്ച് പിതാവിനെ നമ്മിൽ മഹത്വപ്പെടുത്തുന്നു. ഇത് യേശു നമ്മിൽ വരുന്ന അനുഭവമാണ്. യേശു നമ്മിൽ വരുമ്പോൾ നമ്മുടെ സ്വന്ത താല്പര്യങ്ങളും സ്വന്ത മഹത്വവുമായുള്ള അനുഭവങ്ങളെ മാറ്റി ദൈവത്തെ മഹത്വപ്പെടുത്തുന്ന ജീവിതത്തെയും ആത്മാവിനെയും നമുക്കു തരുന്നു. ഈ യേശു നമ്മുടെ പ്രാർത്ഥന കേൾക്കുന്നതിലൂടെ ദൈവത്തെ മഹത്വപ്പെടുത്തുന്നു. ദൈവത്തിന്റെ മഹത്വത്തിനായി ജീവിക്കാനും നമ്മെ പഠിപ്പിക്കുന്നു.

അലസമായ നമ്മുടെ ജീവിതത്തെ ദൈവത്തിന് സമർപ്പിച്ച് ദൈവത്തിന്റെ മഹത്വത്തിനായി ജീവിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്ന മറ്റേതൊരു ശക്തിയേ അധികമോ ആണ് നമുക്കു വേണ്ടിയുള്ളത്? നിശ്ചയമായും മറ്റാരും ഇല്ല. ഇത്രമാത്രം നമ്മെ സഹായിപ്പാൻ ശക്തനായി പിതാവായ ദൈവമല്ലാതെ മറ്റാരുമില്ല. ഇത്ര ശ്രേഷ്ഠ ദൈവമായി നിത്യമായി നമ്മെ സ്നേഹിക്കുന്ന ദൈവത്തിന് നമ്മെ സർപ്പിച്ച് ശക്തിയും മഹത്വും ബഹുമാനവും അർപ്പിച്ച് ആരാധിക്കേണം. നിശ്ചയമായും നാം ദൈവത്തിങ്കലേയ്ക്ക് തിരിഞ്ഞ് പറയണം. " മഹത്വം ദൈവത്തിന് മാത്രം ഇരിക്കട്ടെ ". മാത്രമല്ല ഒരു പുത്തൻ ശക്തിയോടും ആഗ്രഹത്തോടും നാം ദൈവത്തിങ്കലേയ്ക്ക് നോക്കി മഹത്വം കൊടുക്കയും ദൈവത്തിന് പ്രസാദമില്ലാത്ത പഴയ ജീവിതത്തെ വെറുക്കുകയും ചെയ്യും. നമ്മുടെ പ്രാർത്ഥന മറുപടിയില്ലാത്ത പ്രാർത്ഥനയാകാൻ പാടില്ല. നമ്മുടെ പ്രാർത്ഥനയ്ക്ക് നിശ്ചയമായും മറുപടി കിട്ടണം. ദൈവത്തെ മഹത്വപ്പെടുത്തി പ്രാർത്ഥനയ്ക്കായി നമ്മെ ഒരുക്കാം.

### നമുക്കു പറ്റിയ ചെറിയ വീഴ്ച

പലപ്പോഴും നാം ഒരു വ്യക്തിയ്ക്കോ ഒരു കാര്യത്തിനോ വേണ്ടി പ്രാർത്ഥിക്കുമ്പോൾ ഒരു ആത്മാർത്ഥതയില്ലാതെ നാം പ്രാർത്ഥിക്കാറുണ്ട്. അങ്ങനെയുള്ള പ്രാർത്ഥനകൾക്ക് പലപ്പോഴം മറുപടി കിട്ടാറില്ല. അങ്ങനെ മറുപടി കിട്ടാത്ത ധാരാളം പ്രാർത്ഥനകൾ നമുക്കു കാണാം. എന്നാൽ ഒരു രഹസ്യമുണ്ട്. അതായത്, ദൈവത്തിന് മഹത്വം കൊടുത്തില്ലെങ്കിൽ നമുക്കുള്ള മറുപടി വരികയില്ല. വിശ്വാസത്തോടെ ദൈവത്തിന് മഹത്വം കൊടുത്തു പ്രാർത്ഥിച്ചാൽ നമ്മെ ദൈവത്തിന്റെ ഇഷ്ടത്തിന് ഏല്പിച്ച് പ്രാർത്ഥിച്ചാൽ ദൈവം നമ്മിൽ പ്രവർത്തിച്ച് തന്റെ നാമത്തെ മഹത്വപ്പെടുത്തും. ദൈവത്തിന്റെ ഇഷ്ടം അറിയാതെ, ദൈവത്തിന് മഹത്വം കൊടുക്കാതെയുള്ള പ്രാർത്ഥന വിശ്വാസത്തിന്റെ പ്രാർത്ഥനയല്ല. തമ്മിൽ തമ്മിൽ ബഹുമാനം അന്വേഷിക്കാത്ത നിങ്ങൾക്ക് ബഹുമാനം അന്വേഷിക്കാത്ത നിങ്ങൾക്ക് എങ്ങനെ വിശ്വസിപ്പാൻ കഴിയും? (യോഹ. 5:44).

നാം നമ്മുടെ സ്വന്ത മഹത്വം അന്വേഷിക്കുമ്പോൾ നമ്മിലുള്ള വിശ്വാസം ദുർബലമാക്കുന്നു, അസാധ്യമാകുന്നു. ആഴമായ സ്വയത്യാഗവും, ലക്ഷ്യബോധവും നമ്മുടെ സ്വയമഹത്വം അന്വേഷിക്കുന്ന ചിന്താഗതിയെ ഉപേക്ഷിക്കുകയും ദൈവത്തിന്റെ മഹത്വം മാത്രം അന്വേഷിക്കുവാൻ നമ്മെ സഹായിക്കയും ആത്മീകമായി നമ്മെ ഉത്തേജിപ്പിക്കയും വിശ്വാസം നമ്മിൽ വർദ്ധിക്കയും ചെയ്യുന്നു. ദൈവത്തിന് സമർപ്പിക്കപ്പെട്ട ജീവിതം ദൈവത്തിന്റെ മഹത്വം അന്വേഷിക്കുന്നു നമ്മുടെ പ്രാർത്ഥന അവിടുന്ന് കേട്ട് മറുപടി നൽകി തന്റെ നാമത്തെ നമ്മിൽ മഹത്വപ്പെടുത്തുന്നു. ദൈവത്തിന്റെ മഹത്വം അന്വേഷിക്കുന്നവൻ അവൻ മാത്രം ദൈവത്തിൽ നിന്നും മറുപടി പ്രാപിക്കും.

എന്താ, അങ്ങനെ ശ്രമിച്ചു കൂടേ? ഒരു ഏറ്റു പറച്ചിലോടെ നമുക്കു ആരംഭിക്കാം. മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുമ്പോഴും ദൈവത്തിന്റെ മഹത്വം നാം അന്വേഷിക്കേണം. ദൈവപുത്രനോട് അനുരൂപപ്പെടുന്നതിലും നാം കുറവുള്ളവരാണ്. നമുക്ക് സമയം വേർതിരിക്കാം. പരിശുദ്ധാത്മാവു നമ്മെ ശോധന ചെയ്യട്ടെ, നാം എത്ര കുറവുള്ളവരാണ്. ദൈവവചനത്തിലൂള്ള ശരിയായ പരിജ്ഞാനവും പാപത്തെക്കുറിച്ചുള്ള ഏറ്റുപറച്ചിലും വിടുതലിലേയ്ക്കുള്ള ശരിയായ പാതയാണ്.

(ശേഷം 7-ാംപേജിൽ)

( 2-ാം പേജിന്റെ തുടർച്ച)

## വിശ്വാസത്തോടെയുള്ള പ്രാർത്ഥനയുടെ രഹസ്യം

ദൈവത്തിന്റെ വാഗ്ദത്തം പ്രാപിക്കണം എന്ന് ആഗ്രഹിക്കുന്നു. അതിനുവേണ്ടി ശ്രമിക്കയും അതു പ്രാപിക്കുവാൻ ആവേശത്തോടെ കാത്തിരിക്കയും ചെയ്യുന്നു. എന്നാൽ ബന്ധം കാത്തു സൂക്ഷിക്കാതെ പ്രത്യാശയെ നഷ്ടപ്പെടുത്താനും മടിക്കുന്നില്ല. വാഗ്ദത്തം സത്യമാണ്. എന്നാൽ വിശ്വാസത്താൽ അതിനെ അവകാശമാക്കാൻ കഴിയുന്നില്ല. യേശു പഠിപ്പിച്ച പാഠം ശ്രദ്ധിക്കുക. ജീവനുള്ള ദൈവത്തിൽ വിശ്വസിക്കുക. വാഗ്ദത്തങ്ങളെക്കാളുപരി ദൈവത്തെ വിശ്വസിക്കുക. അവിടുത്തെ സ്നേഹവും ശക്തിയും ജീവനുള്ള സാന്നിദ്ധ്യവും നമ്മുടെ വിശ്വാസത്തെ ഉണർത്തി പ്രവർത്തിക്കും.

**ദൈവത്തിന്റെ വെളിപ്പാട്**

എത്ര വ്യത്യസ്തമാണ് പഴയനിമയ വിശുദ്ധന്മാരുടെ അനുഭവം. വിശ്വാസത്തിന്റെ ശക്തിയുടെ ഓരോ പ്രദർശനവും ദൈവത്തിന്റെ പ്രത്യേകമായ വെളിപ്പാടിന്റെ ഫലങ്ങളായിരുന്നു. അബ്രഹാമിന്റെ ജീവിതത്തിൽ നോക്കുമ്പോൾ, അബ്രഹാമിന് ദൈവത്തിന്റെ അരുളപ്പാടുണ്ടായത് എന്തെന്നാൽ "ഭയപ്പെടേണ്ട, ഞാൻ നിന്റെ പരിചയും നിന്റെ അതി മഹത്തായ പ്രതിഫലവും ആകുന്നു", പിന്നെ അവൻ അവനെ പുറത്തുകൊണ്ടു ചെന്നു; നീ ആകാശത്തെ നോക്കുക ....... അവൻ യഹോവയിൽ വിശ്വസിച്ചു (ഉല്പ. 15:1-6). വീണ്ടും വായിക്കുമ്പോൾ ദൈവം അബ്രഹാമിന് പ്രത്യക്ഷനായി പറഞ്ഞത് ഞാൻ സർവ്വശക്തനായ ദൈവമാകുന്നു.... അപ്പോൾ അബ്രഹാം സാഷ്ടാംഗം വീണു. ദൈവം അവനോട് അരുളി ചെയ്തതു എന്തെന്നാൽ "എനിക്ക് നിന്നോട് ഒരു നിയമമുണ്ട് " (ഉല്പ. 17:1-4). ദൈവം തന്റെ വാഗ്ദത്തം കൊടുത്തു. തന്റെ ജീവന്റെ ശക്തി ഹൃദയത്തിലും വിശ്വാസത്തിന്റെ പ്രവർത്തിയിലും വ്യാപരിക്കുന്ന ദൈവത്തിന്റെ വെളിപ്പാടായിരുന്നു ഇത്. കാരണം അവർ ദൈവ ത്തെ അറിഞ്ഞു. അവരുടെ വിശ്വാസം കൊണ്ട് ഒന്നും നടക്കുന്നില്ല. എന്നാൽ അവർ ദൈവത്തിൽ ആശ്രയിച്ചു.

ദൈവത്തിന്റെ വാഗ്ദത്തം എന്നുവച്ചാൽ നമ്മുടെ ദൈവം കൂടെയുണ്ട് എന്നാണർത്ഥം. ഇവിടെ ദൈവത്തോടു കൂടെ നടന്ന മനുഷ്യൻ ദൈവമുഖത്തേയ്ക്ക് നോക്കി തന്റെ വാക്കുകൾക്ക് ചെവികൊടുത്തു. ദൈവത്തിന്റെ വാഗ്ദത്തങ്ങളെ സ്വീകരിക്കുകയാണ് ചെയ്യുന്നത്. പൂർണ്ണ സ്വാതന്ത്ര്യത്തോടെ ഏറ്റെടുക്കുവാൻ ദൈവം സംസാരിച്ച വാഗ്ദത്തങ്ങൾ വേദപുസ്തകത്തിലുടനീളം നമുക്കു വേണ്ടിയുണ്ട്. തന്നോടു കൂടെ നടക്കയും ജീവിക്കയും ചെയ്യുന്നവനോട് ദൈവം സംസാരിക്കുന്നു. അതുകൊണ്ട് ദൈവത്തിൽ വിശ്വസിക്കേണം. ദൈവം ശക്തമായി നമ്മിൽ പ്രവർത്തിക്കാനായി വിശ്വാസത്തിന്റെ കണ്ണും ചെവിയും പൂർണ്ണമായി തുറന്നുവയ്ക്കാം. ദൈവത്തിലുള്ള വിശ്വാസം ഏറ്റവും വലിയ അനുഗ്രഹമാണെന്ന് എണ്ണി, ജീവനുള്ള സർവ്വശക്തനായ ദൈവം തന്റെ ഇഷ്ടവും സന്തോഷവും വിശ്വാസത്തിന്റെ പ്രവൃത്തിയും നമ്മിൽ തികയ്ക്കും എന്ന് കാത്തിരിക്കാം. ദൈവത്തിൽ തന്റെ സ്നേഹത്തെ കാണുക. അവിടുന്ന് നമ്മെ അനുഗ്രഹിക്കും ദൈവത്തിലുള്ള വിശ്വാസത്തോടെ ആരാധിക്കുമ്പോൾ ദൈവം നമ്മോട് സംസാരിക്കുന്നത് ". നാം നമ്മുടെ ആവശ്യങ്ങൾക്കായി പ്രാർത്ഥിക്കുമ്പോൾ, അവ ലഭിച്ചു എന്ന് വിശ്വസിച്ചുകൊണ്ട് പ്രാർത്ഥിപ്പിൻ. അതെ, നാം വിശ്വസിക്കയും പ്രാർത്ഥിക്കയും ചെയ്യുമ്പോൾ ദൈവം നമ്മുടെ സ്വന്തമായിത്തീരുന്നു, തന്റെ വാഗ്ദത്തവും നമുക്ക് സ്വന്തമാകുന്നു.

വിലയേറിയ ഒരു പാഠം യേശുവിന് നമ്മെ പഠിപ്പിക്കാനുണ്ട്. ദൈവത്തിന്റെ കൃപാവരങ്ങള വാഞ്ചിക്കേണം. ദൈവം ആദ്യമായി തന്നെത്തന്നെ നമുക്ക് തരുവാൻ ആഗ്രഹിക്കുന്നു. നാം പ്രാർത്ഥിക്കുമ്പോൾ ദൈവത്തിന്റെ നല്ല വരങ്ങൾ ഉയരത്തിൽ നിന്നും വരുന്നു, യേശു നമ്മെ ദൈവത്തോട് അടുപ്പിക്കുന്നു. നാം വിശ്വാസത്തോടെ പ്രാർത്ഥിക്കുമ്പോൾ യേശു നമ്മിൽ വന്ന് നമ്മെ തന്റെ കൂട്ടുകാരും മക്കളും ആക്കിത്തീർക്കുന്നു. തന്റെ വചനം നമുക്ക് അംഗീകരിക്കാം. നമ്മുടെ വിശ്വാസത്തിലുള്ള കുറവുകളെ കണ്ടുണർന്ന് ജീവനുള്ള ദൈവത്തിലുള്ള വിശ്വാസത്തിൽ വർദ്ധിച്ച് നമ്മെത്തന്നെ ദൈവത്തിന് സമർപ്പിക്കാം. ദൈവസാന്നിദ്ധ്യം നിറഞ്ഞിരിക്കുന്ന ഹൃദയത്തിൽ വിശ്വാസത്തിന്റെ പ്രാർത്ഥന യുടെ ശക്തിയും നിറഞ്ഞിരിക്കുന്നു. ദൈവത്തിലുള്ള വിശ്വാസത്താൽ ദൈവത്തിന്റെ വാഗ്ദത്തത്തിലുള്ള വിശ്വാസം ഉണ്ടാകുന്നു. ആ വിശ്വാസത്തിന്റെ പ്രാർത്ഥനയക്ക് മറുപടിയുണ്ട്.

**സമയം ഉപയോഗിക്കുക**

അതുകൊണ്ട് ദൈവ മക്കളെ സമയം ഉപയോഗിക്കുക ദൈവത്തിന്റെ വെളിപ്പാടിനായി വണങ്ങി കാത്തിരിക്കുക. സമയം ഉപയോഗിക്കുക, നമ്മെ ശുദ്ധീകരിച്ച് നിത്യനായ ദൈവത്തെ വിശ്വാസത്തോടുകൂടെ ജീവിതത്തിന്റെ അനുഭവമാക്കാം. അവിടുന്ന് നമ്മുടെ ജീവിതത്തിൽ വന്ന്, നമ്മെ തന്റെ വകയാക്കിത്തീർത്ത്, വിശ്വാസത്തോടെയുള്ള പ്രാർത്ഥനയെ നമുക്ക് കിരീടമാക്കും.

**കർത്താവേ, ഞങ്ങളെ പ്രാർത്ഥിപ്പാൻ പഠിപ്പിക്കേണമേ.**

ഞങ്ങളുടെ ദൈവമേ അവിടുന്ന് ഞങ്ങളെ സ്നേഹിക്കുന്നു എന്നും നിത്യനായ പിതാവ് എന്നും ഞങ്ങൾ വിശ്വസിക്കുന്നു. പുത്രൻ എന്ന നിലയിൽ അവിടുന്ന് ഞങ്ങളുടെ വീണ്ടെടുപ്പുകാരനായിരിക്കുന്നു. പരിശുദ്ധാത്മാവ് എന്ന നിലയിൽ ഞങ്ങളുടെ ആശ്വാസപ്രദനും വഴി കാട്ടിയും ബലവും ആകുന്നു. ഞങ്ങൾ അറിയുന്നു, അവിടുന്നാണ് ഞങ്ങൾക്ക് എല്ലാം എന്ന്. അവിടുന്ന് വാഗ്ദത്തം ചെയ്തത് നിവർത്തിക്കുന്ന ദൈവം.

കർത്താവായ യേശുവേ, ഞങ്ങളുടെ വിശ്വാസത്തെ വർദ്ധിപ്പിക്കേണമേ. ദൈവം ഞങ്ങൾക്കായി കരുതിയിട്ടുള്ളതെല്ലാം അവകാശമാക്കി സമയം വേർതിരിച്ച് അങ്ങയുടെ സാന്നിധിയിൽ അങ്ങയെ ആരാധിപ്പാനും ഞങ്ങളെ സഹായിക്കേണമേ. സകല ജീവന്റെയും ഉറവയായി സർവ്വശക്തിയുള്ള ബലത്താൽ പ്രവർത്തിച്ച് അവിടുത്തെ ഇഷ്ടം ഭൂമിയിലും പ്രത്യേകാൽ എന്നിലും പൂർത്തീകരിക്കുന്ന പ്രവർത്തികൾ കാണട്ടേ. ഞങ്ങളുടെ ആഗ്രഹങ്ങൾ അറിഞ്ഞ് അതിനെ നിറവേറ്റിത്തരുവാൻ ജീവിക്കുന്ന സ്നേഹവാനായ ദൈവത്തിന്റെ മഹത്വം ഞങ്ങൾ കാണട്ടേ. ഞങ്ങളുടെ ഹൃദ

(ശേഷം 8-ാം പേജിൽ)

# പ്രാർത്ഥനയും സ്നേഹവും

By Andrew Murray

“ നിങ്ങൾ പ്രാർത്ഥിക്കുവാൻ നില്ക്കുമ്പോൾ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാ വ് നിങ്ങളുടെ പിഴകളെയും ക്ഷമിക്കേണ്ടതിന് നിങ്ങൾ ക്ക് ആരോടെങ്കിലും വല്ലതും ഉണ്ടെങ്കിൽ അവനോട് ക്ഷമിപ്പിൻ ” (മർ. 11:25).

ഈ വാക്കുകൾ മറ്റൊരു വാഗ്ദത്തത്തെ പിന്തുടരുകയാണ് ചെയ്യുന്നത്. “ അതുകൊണ്ട് നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ യാചിക്കുന്നതു ഒക്കെയും ലഭിച്ചു എന്ന് വിശ്വസിപ്പിൻ എന്നാൽ അത് നിങ്ങൾക്ക് ഉണ്ടാകും എന്ന് ഞാൻ നിങ്ങളോട് പറയുന്നു ” (മർക്കൊ. 11:24). 22-ാം വാക്യത്തിൽ നാം വായിക്കുന്നത് “ദൈവത്തിൽ വിശ്വാസം ഉള്ളവരായിരിപ്പിൻ ”. ഈ വേദഭാഗം വ്യക്തമാക്കുന്നത്. പ്രാർത്ഥനയിൽ നമ്മുടെ ദൈവവുമായുള്ള ബന്ധം നന്നായിരിക്കണം. മറ്റൊരു കാര്യം നമ്മെ പഠിപ്പിക്കുന്നതു ആളുകളുമായിട്ടുള്ള നമ്മുടെ ബന്ധവും നന്നായിരിക്കണം. ദൈവത്തെ സ്നേഹിക്ക എന്നതും അയൽക്കാരനെ സ്നേഹിക്ക എന്നതും വേർപെടുത്താൻ കഴിയാത്ത ബന്ധമാണ്. ഹൃദയത്തിൽ നിന്നുള്ള പ്രാർത്ഥനയ്ക്ക് ദൈവത്തോടും മനുഷ്യരോടുമുള്ള ബന്ധം നന്നായി കാത്തു സൂക്ഷിക്കണം. വിശ്വാസവും സ്നേഹവും പരസ്പര പൂരകങ്ങളാണ്.

ദൈവത്തെ ഭയപ്പെടുകയും മനുഷ്യനെ ശങ്കിക്കുകയും ചെയ്യുന്നവനെ ദൈവം അനുഗ്രഹിക്കും. പർവ്വത പ്രസംഗത്തിൽ യേശു 6-ാമത്തെ കല്പനയെക്കുറിച്ച് സംസാരിക്കുമ്പോൾ സഹോദരനെ പകെയ്ക്കുന്നവന് അനുഗ്രഹം പ്രാപിപ്പാൻ കഴിയുന്നില്ല. “ആകയാൽ നിന്റെ വഴിപാട് യാഗപീഠത്തിൽ കൊണ്ടുവരുമ്പോൾ സഹോദരനു നിന്റെ നേരെ വല്ലതും ഉണ്ടെന്ന് അവിടെ വച്ച് ഓർമ്മ വന്നാൽ നിന്റെ വഴിപാട് അവിടെ യാഗപീഠത്തിന്റെ മുമ്പിൽ വച്ചേച്ച് ഒന്നാമത് ചെന്ന് സഹോദരനോട് നിരന്നുകൊൾക. പിന്നെ വന്ന് നിന്റെ വഴിപാട് കഴിക്ക ” (മത്താ. 5:23,24).

അതിന്റെ ശേഷം യേശു പ്രാർത്ഥനയെക്കുറിച്ച് പഠിപ്പിച്ചത്, “ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളെ ഞങ്ങളോടും ക്ഷമിക്കേണമെ ” (മത്താ. 6:12). പ്രാർത്ഥനയുടെ അവസാനം ഇങ്ങനെ, നിങ്ങൾ മനുഷ്യരോട് പിഴകളെ ക്ഷമിക്കാഞ്ഞാലോ നിങ്ങളുടെ പിതാവ് നിങ്ങളുടെ പിഴകളെയും ക്ഷമിക്കയില്ല ” (മത്താ. 6:15).

കരുണയില്ലാത്ത വേലക്കാരന്റെ ഉപമയിൽ കർത്താവ് പഠിപ്പിക്കുന്നത് നിങ്ങൾ ഓരോരുത്തൻ സഹോദരനോട് ഹൃദയപൂർവ്വം ക്ഷമിക്കാഞ്ഞാൽ സ്വർഗ്ഗസ്ഥനായ എന്റെ പിതാവ് അങ്ങ നെ തന്നെ നിങ്ങളോടും ചെയ്യും” (മത്താ. 18:35).

കർത്താവായ യേശുവിന്റെ വാക്കിനാൽ അത്തിവൃക്ഷം ഉണങ്ങിപ്പോയപ്പോൾ അത്ഭുതകരമായ വിശ്വാസത്തിന്റെ ശക്തിയും പ്രാർത്ഥനയുടെ ശക്തിയും വെളിപ്പെടുത്തുകയായിരുന്നു. “ നിങ്ങൾ പ്രാർത്ഥിപ്പാൻ നില്ക്കുമ്പോൾ മറ്റുള്ളവരോട് ക്ഷമിപ്പിൻ; സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് നിങ്ങളോടും ക്ഷമിക്കും. യേശു നസറേത്തിൽ നിന്ന് പഠിച്ചതും ന്യായപ്രമാണത്തോടുള്ള അനുസരണക്കേടുമാണ് പ്രാർത്ഥിക്കുന്ന ദൈവജനം മനുഷ്യനെ സ്നേഹിക്കാതിരിക്കുന്നതെന്നും പ്രാർത്ഥനയ്ക്ക് ശക്തിയുണ്ടാകാത്തതിന്റെ മറുപടി ലഭിക്കാത്തതിന്റെ കാരണം അതാണെന്നും വ്യക്തമാക്കുന്നു.

(ശേഷം അടുത്ത ലക്കം)

(4-ാം പേജിന്റെ തുടർച്ച )

## പ്രാർത്ഥനയും ഉപവാസവും

വാസും നമ്മെ താൽക്കാലികവും കാണാൻ കഴിയുന്നതുമായ കാര്യങ്ങളിൽ നിന്നും നമ്മെ അകറ്റുന്നു. സാധാരണ ക്രിസ്ത്യാനികൾ ഉപേക്ഷിക്കപ്പെട്ടതും ആവശ്യമില്ലാത്ത കാര്യങ്ങളെ ജീവിതത്തിൽ അനുവദിച്ച് ഈ ലോകത്തിനനുരൂപരായിട്ട് സമ്പത്ത്,സാഹിത്യം, ഈ ലോകത്തിലെ ഉല്ലാസങ്ങൾ, എന്നിവ സാരമില്ല എന്ന് ചിന്തിക്കുന്നു. യഥാർത്ഥമായി ദൈവത്തിൽ ആശ്രയിക്കുന്നു ഒരു ദൈവപൈതൽ ഒരു പടയാളിയെപ്പോലെ പോർക്കളത്തിൽ ആവശ്യമായിരിക്കുന്നതും ജയിക്കാനാവശ്യമായതും മാത്രം ജീവിതത്തിൽ കരുതുന്നു. സകല ഭാരവും മുറുകെപ്പറ്റുന്ന പാപങ്ങളും ഉപേക്ഷിക്കുന്നു. നസ്രേത്തുകാരന്റെ മാതൃക പിൻപറ്റുന്നു. കർത്താവിനും തന്റെ ശുശ്രൂഷയ്ക്കും വേണ്ടി തന്നെത്താൻ ഏല്പിച്ചുകൊടുക്കുന്നു. സ്വയമായി ഒരു വേർപാട് അനുഷ്ഠിക്കാത്ത ഒരുവന് പ്രാർത്ഥനയിൽ ശക്തി പ്രാപിപ്പാൻ കഴികയില്ല. ഈ വക, പ്രാർത്ഥനയാലും ഉപവാസത്താലുമല്ലാതെ വിട്ടുപോകയില്ല.

യേശുവിന്റെ ശിഷ്യന്മാർ യേശുവിന്റെ അടുക്കൽ വന്ന് ചോദിച്ചതുപോലെ നമുക്കും ചോദിക്കാം, പ്രാർത്ഥിക്കാൻ പഠിപ്പിക്കേണമേ എന്ന് പറയാം. ഇപ്പോൾ വന്ന് യേശുവിന്റെ പാഠങ്ങളെ പഠിക്കാം. അവിടുന്ന് പഠിപ്പിക്കുന്നത്, പ്രാർത്ഥന വിശ്വാസത്തിലേയ്ക്കുള്ള വഴിയാണ്. ഉറച്ച വിശ്വാസം അത് ഭൂതങ്ങളെ പുറത്താക്കുന്നു. “ യേശു പറയുന്നത് നിങ്ങൾക്ക് വിശ്വാസം ഉണ്ടെങ്കിൽ.... ഒന്നും നിങ്ങൾക്ക് അസാദ്ധ്യമാകയില്ല. ഈ മഹത്വകരമായ വാഗ്ദത്തം നിങ്ങളെ കൂടുതൽ പ്രാർത്ഥിക്കാനായി ഒരുക്കട്ടെ.

**കർത്താവേ പ്രാർത്ഥിക്കാൻ ഞങ്ങളെ പഠിപ്പിക്കണമേ**

കർത്താവായ യേശു വേ! എത്രത്തോളം അവിടുന്ന് ഞങ്ങളുടെ അവിശ്വാസങ്ങളെ ശാസിക്കും. എത്ര ഭയാനകമായ വീഴ്ചയാണ് ഞങ്ങൾ ക്ക് ദൈവത്തിലും അവിടുത്തെ വാഗ്ദത്തങ്ങളിലും വിശ്വസിക്കുവാൻ കഴിയാതിരിക്കുക എന്നുള്ളത്. കർത്താ വേ, നിന്റെ ശാസനകൾ ഞങ്ങളെ പിന്തുടരട്ടെ. ഞങ്ങളുടെ രക്ഷയാം ദൈവമേ, അവിടുന്ന് മാത്രമാണ് ഞങ്ങളുടെ വിശ്വാസത്തിന് കാരണക്കാരനും അതിനെ പൂർത്തീകരിക്കുന്നവനും പരിശുദ്ധാത്മാവിനാൽ ഞങ്ങളുടെ ജീവിതങ്ങളിൽ അവിടുന്ന് വസിക്കേണമേ. ദൈവത്തെ വിശ്വസിക്കുവാനുള്ള ഞങ്ങളുടെ ശ്രമങ്ങളും പ്രാർത്ഥനയും വേണ്ടുവോളം ഉപകരിക്കുന്നില്ലല്ലോ. എന്തുകൊണ്ടാണത് എന്ന് നിശ്ചയമായും ഞങ്ങൾ അറിയുന്നു. ഞങ്ങളെ അങ്ങേയ്ക്ക് തരുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. പരിശുദ്ധ കർത്താവേ, ഞങ്ങളിലുള്ള അവിടുത്തെ ജീവന്റെ മർമ്മം ഞങ്ങളെ ഗ്രഹിപ്പിക്കണമേ. അവിടുന്ന് ഞങ്ങളിൽ വസിച്ച് ഞങ്ങളുടെ വിശ്വാസത്തെ വർദ്ധിപ്പിക്കേണമേ. ഞങ്ങളുടെ വിശ്വാസം പരാജയപ്പെടുന്നില്ല എന്ന് ഞങ്ങളെ ഗ്രഹിപ്പിക്കണമേ. എല്ലാം സാദ്ധ്യമാക്കിത്തീർക്കുന്ന വിശ്വാസത്തിൽ ഞങ്ങൾ വളരുവാൻ ഉപവസിക്കുവാനും പ്രാർത്ഥിപ്പാനും ഞങ്ങളെ പഠിപ്പിക്കേണമേ. ❖

(5-ാം പേജിന്റെ തുടർച്ച )

**പ്രാർത്ഥനയുടെ പര്യവസാനം യേശുവിനെ നോക്കുക.**

നമുക്ക് യേശുവിനെ നോക്കാം. യേശുവിൽ നാം കാണുന്നത് തന്റെ മരണത്താൽ നമുക്ക് ദൈവത്തെ മഹത്വപ്പെടുത്താൻ കഴിയുന്നു. മരണത്തിൽ താൻ ദൈവത്തെ മഹത്വപ്പെടുത്തി, മരണത്തിലൂടെ കർത്താവ് പിതാവിനോടു കൂടെ മഹത്വപ്പെട്ടു. മരണത്താൽ, സ്വയത്തിൽ മരിച്ച്, ദൈവത്തിന് ജീവിക്കുമ്പോൾ നാം ദൈവത്തെ മഹത്വപ്പെടുത്തുന്നു. നമ്മുടെ ഇഷ്ടം നമ്മിൽ മരിക്കുമ്പോൾ ദൈവത്തെ മഹത്വപ്പെടുത്തുവാൻ നമുക്കു കഴിയുന്നു. തന്നെത്താൻ നമുക്കുവേണ്ടി അർപ്പിച്ച യേശു തന്നിൽ ആശ്രയിക്കുന്ന ഓരോരുത്തരിലും ജീവിക്കുന്നു. നമ്മുടെ ആഗ്രഹം, തീരുമാനം എല്ലാം യേശു ചെയ്തതു പോലെ പിതാവിന്റെ മഹത്വം ആയിരിക്കട്ടെ. അതിൽ കുറഞ്ഞതു ഒന്നും നമുക്കു വേണ്ട. യേശുവിനെ നമ്മിൽ അംഗീകരിക്കുമ്പോൾ അടുത്തെ ജീവനും ശക്തിയും നമ്മിൽ പ്രവർത്തിക്കുന്നു. ദൈവത്തിന്റെ മഹത്വത്തിനായി ജീവിക്കുവാനുള്ള ഉറപ്പ് നമുക്കു കിട്ടുന്നു. കാരണം യേശു നമ്മിൽ വസിക്കുന്നു. അത് അനുദിന ജീവിതത്തിൽ നമ്മുടെ ശക്തിയാകുന്നു. അങ്ങനെ യേശു നമ്മിൽ ജീവിക്കുന്നു. തന്നിൽ ആശ്രയിക്കുന്നവർക്കു വേണ്ടി പരിശുദ്ധാത്മാവിനെ നൽകിയിരിക്കുന്നു. അതിനെ നമ്മുടെ ജീവിതത്തിന്റെ അനുഭവമാക്കുന്നു. അവിശ്വാസത്താൽ ഒരിക്കലും പിന്മാറിപ്പോകരുത് എന്നാൽ ഉറപ്പോടെ നമുക്ക് പറയാം എല്ലാം ദൈവത്തിന്റെ മഹത്വത്തിന്. നമ്മുടെ സമർപ്പണം ദൈവം അംഗീകരിക്കുന്നു. പരിശുദ്ധാത്മാവ് നമ്മെ മുദ്രയിടുന്നു. നാം ദൈവത്തിനു അവിടുത്തെ മഹത്വത്തിനായും ജീവിക്കുന്നു.

എത്ര സമാധാനവും ദൈവശക്തിയുമാണ് ഇപ്പോൾ നമ്മുടെ പ്രാർത്ഥനയിൽ, തന്റെ കൃപയാൽ നാം നമ്മെ മനസിലാക്കുന്നു തന്നോടുള്ള കൂട്ടായ്മയിൽ നാം ജീവിക്കുമ്പോൾ നമ്മുടെ പ്രാർത്ഥനയ്ക്ക് മറുപടിയായി നമ്മോടു സംസാരിക്കുന്നത്. പിതാവ് പുത്രനിൽ മഹത്വപ്പെടേണ്ടതിന് ഇനി നാം നമുക്കുള്ളവരല്ല. നാമും നമുക്കുള്ളതെല്ലാം ദൈവവചനത്തിന്റെയും ആത്മാവിന്റെയും പ്രകാശന പ്രകാരം മുഴുവനായി നാം ദൈവത്തിന്റെ വകയാണ്. നമ്മുടെ ജീവിതത്തിന്റെ പ്രധാനവും അവസാനത്തേതുമായ വാക്ക് ദൈവത്തിന്റെ മഹത്വമാണ്. പൂർണ്ണ സ്വാതന്ത്ര്യത്തോടെ പ്രാർത്ഥനയിൽ നാം പറയും. പിതാവേ! അവിടുന്ന് അറിയുന്നു അങ്ങനെ മഹത്വത്തിനായി മാത്രം ഞങ്ങൾ ചോദിക്കുന്നു. നമ്മുടെ ആവശ്യം ഒരു മഹാപർവ്വതം പോലെ വലുതായിരുന്നാലും നാം ഉറപ്പോടെ പ്രാർത്ഥിച്ചു വിശ്വസിക്കുന്നു. ദൈവം ഞങ്ങളുടെ പ്രാർത്ഥനകേൾക്കും, കാരണം വിശ്വാസത്തോടുകൂടെയുള്ള പ്രാർത്ഥനയും ദൈവത്തിന്റെ മഹത്വവും നാം അന്വേഷിക്കുന്നു. അതിനെക്കാൾ മനോഹരമായിട്ടോ അനുഗ്രഹിക്കപ്പെട്ടതായിട്ടോ ഒന്നും തന്നെയില്ലല്ലോ. മാത്രമല്ല നമ്മുടെ ഏറ്റവും വലിയ പദവി എന്നത്, ദൈവമഹത്വം അന്വേഷിച്ചുള്ള പ്രാർത്ഥന ഇരട്ടി വിശേഷതയുള്ളതായി, ദൈവപുത്രനുമായുള്ള അനുഗ്രഹിക്കപ്പെട്ട കൂട്ടായ്മയിൽ അവിടുന്ന് വാഗ്ദത്തം ചെയ്യുന്നു. നിങ്ങൾ ചോദിക്കുന്നത് പിതാവ് പുത്രനിൽ മഹത്വപ്പെടേണ്ടതിന് ഞാൻ ചെയ്തുതരും.

**കർത്താവേ, ഞങ്ങളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കേണമേ**

വാഴ്ത്തപ്പെട്ട കർത്താവായ യേശുവേ! അങ്ങയുടെ സന്നിധിയിലേക്ക് ഞാൻ വീണ്ടും വരുന്നു. അവിടുന്ന് പഠിപ്പിക്കുന്ന ഓരോ പാഠങ്ങളും ഞങ്ങളുടെ ഹൃദയങ്ങളിൽ ആഴമായി പതിയുവാൻ സഹായിക്കേണമേ. അവിടുന്ന് പഠിപ്പിക്കുന്ന ഓരോ പാഠങ്ങളും പ്രത്യാശയോടുകൂടെ എന്നെ ധൈര്യപ്പെടുത്തുന്നത്, എങ്ങനെ പ്രാർത്ഥിക്കണം അത് ഞങ്ങളെ സഹായിക്കുന്നുവല്ലോ. പ്രിയ കർത്താവേ! ധൈര്യത്തോടെ ഞാൻ അങ്ങയെ നോക്കുന്നു, അവിടുന്ന് ശ്രേഷ്ഠനായ മദ്ധ്യസ്ഥൻ അവിടുന്ന് പ്രാർത്ഥിച്ചു, ഞങ്ങളുടെ പ്രാർത്ഥന കേൾക്കുന്നു. ദൈവത്തിന്റെ മഹത്വത്തിനായി അവിടുന്ന് പ്രാർത്ഥിച്ചു. അങ്ങനെ പ്രാർത്ഥിപ്പാൻ അടിയങ്ങളെയും പഠിപ്പിക്കേണമേ.

ഞങ്ങളുടെ രക്ഷയാം ദൈവമേ! ഞാൻ എന്നെ സമ്പൂർണ്ണമായി അങ്ങേയ്ക്ക് സമർപ്പിക്കുന്നു. ഞാൻ ഒന്നു മല്ല കർത്താവേ ഞാൻ എന്നെ അങ്ങേയ്ക്ക് തരുന്നു. ഞാൻ മരണത്തോളം അങ്ങേയ്ക്കൊപ്പം ക്രൂശിക്കാൻ ഏല്പിച്ചിരിക്കുന്നു. അവിടുത്തെ ജീവനും പിതാവേ അവിടുത്തെ സ്നേഹവും എന്റെ അവകാശം ആയിരിക്കുന്നു. ഒരു പുത്തൻ അനുഭവം എനിക്കു നൽകപ്പെട്ടിരിക്കുന്നു. ഓരോ ദിവസവും ഓരോ നിമിഷവും എന്റെ ഓരോ പ്രാർത്ഥനയിലും ദൈവത്തിന്റെ മഹത്വം മാത്രം എനിക്കു മതി.

മഹത്വത്തിന്റെ ദൈവമേ, മഹത്വത്തിന്റെ പിതാവേ, എന്റെ ദൈവവും പിതാവും ആയുള്ളോവേ, ജീവിക്കുവാൻ അവിടുത്തെ മഹത്വം മാത്രം മതി എന്ന് കണ്ടറിഞ്ഞ ആഗ്രഹത്തോടെ പ്രാർത്ഥിക്കുന്ന അങ്ങയുടെ പൈതലിനെ കൈക്കൊള്ളേണമേ.

പ്രിയ കർത്താവേ! അവിടുത്തെ മഹത്വം എന്നെ കാണിക്കേണമേ. അത് എന്നെ പൊതിയട്ടേ. അത് എന്റെ ഹൃദയത്തിന്റെ ദൈവാലയത്തിൽ നിറയട്ടെ. അതിൽ ഞാൻ വസിക്കട്ടെ. അവിടുത്തെ സന്തോഷം എന്നിൽ നിറയട്ടേ, അവിടുത്തെ പൈതൽ തന്റെ പിതാവിന്റെ മഹത്വം, അതെ താൻ അന്വേഷിക്കുന്ന ദൈവമഹത്വം അതിന്റെ മഹത്വത്തോടെ കാണട്ടെ. ആമേൻ.

❖

(6-ാം പേജിന്റെ തുടർച്ച )

**വിശ്വാസത്തോടെയുള്ള പ്രാർത്ഥനയുടെ രഹസ്യം**

യങ്ങളിൽ ഞങ്ങളുടെ സമ്പത്തായി എന്നേയ്ക്കും ദൈവം മാത്രം ഞങ്ങളിൽ വസിക്കുമാറാകണമേ. കർത്താവായ യേശുവേ സഹായിക്കണമേ! പൂർണ്ണ ഹൃദയത്തോടെ അങ്ങയെ വിശ്വസിക്കുവാൻ സഹായിക്കണമേ. ദൈവത്തോടുള്ള സ്നേഹം ഓരോ നിമിഷവും ഞങ്ങളിൽ നിറയട്ടെ.

ഞങ്ങളുടെ വാഴ്ത്തപ്പെട്ട രക്ഷകനായ ദൈവമേ! അങ്ങയിലുള്ള വിശ്വാസമില്ലാതെ സഭയ്ക്ക് അങ്ങയെ മഹത്വപ്പെടുത്താൻ കഴികയില്ല. നിന്റെ രാജ്യം വരണമേ എന്ന് പ്രാർത്ഥിക്കാനോ മദ്ധ്യസ്ഥപ്രാർത്ഥനയ്ക്കോ കഴികയില്ല. വാഴ്ത്തപ്പെട്ട കർത്താവേ സംസാരിക്കേണമേ. ദൈവത്തിൽ വിശ്വാസം ഉള്ളവരായിരിക്ക. അവിടുത്തെ വചനം ഞങ്ങളുടെ ഹൃദയത്തിന്റെ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെല്ലട്ടെ. ആമേൻ.

❖

Edited & Published by Mrs. Bindhu.M. Trivandrum- 695032 Printed at Excellent Printers Plavila, Thirumala, T.v.m - 6 Phone: 2351975